ശേഷിയുള്ള രണ്ട് വാട്ടർടാങ്കുകൾ പുതുതായി സ്ഥാപിച്ചു. അടിക്കാടുകൾ തെളിച്ച് കൂടുതൽ സ്ഥലത്ത് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി. പ്രസാദവിതരണം കൂടുതൽ കാര്യക്ഷമമാക്കി. ദേവസ്വംബോർഡിനെ കൂടാതെ പോലീസ് വകുപ്പ്, വനംവകുപ്പ്, പൊതുമരാമത്തുവകുപ്പ്, ആരോഗ്യവകുപ്പ്, ജലസേചനവകുപ്പ്, ഫയർഫോഴ്സ്, വാട്ടർ അതോറിറ്റി, കെ.എസ്.ആർ.ടി.സി., ഇലക്ട്രിസിറ്റി ബോർഡ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ തുടങ്ങിയ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും തീർത്ഥാടകർക്കാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശങ്ങൾ നൽകുകയും പ്രസ്തുത സ്ഥാപനങ്ങൾ അതനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇനിയും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കൂടുതൽ വനഭൂമി താൽക്കാലികമായി ലഭിക്കുവാൻ ശ്രമിച്ചുവരികയാണ്.

(സി) ദേവസ്വംബോർഡും ജില്ലാ ഭരണകൂടവും നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

നെൽക്കൃഷി വികസനത്തിന് പദ്ധതികൾ

9 (*69) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.എസ്. സുപാൽ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി വികസനത്തിനു കഴിഞ്ഞ നാലു വർഷങ്ങളിൽ സർക്കാർ പ്രാവർത്തികമാക്കിയ പദ്ധതികൾ എന്തെല്ലാം ആണെന്ന് വിശദീകരിക്കുമോ;

(ബി) ഈ പ്രവർത്തനങ്ങൾക്കായി സർക്കാർ നേരിട്ടും സാമ്പത്തിക സ്ഥാപനങ്ങൾ വഴിയും എന്തു തുക ചെലവഴിച്ചു;

(സി) ഈ പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഉൽപ്പാദനക്ഷമതയിൽ ഉണ്ടായ മാറ്റം എത്രത്തോളമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ വർഷം ഈ രംഗത്ത് എന്തു തുക ചെലവഴിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കഴിഞ്ഞ നാലുവർഷങ്ങളിൽ സർക്കാർ പ്രാവർത്തികമാക്കിയ പദ്ധതികൾ ഇവയാണ്.

1. ഗ്രൂപ്പ് അടിസ്ഥാനമാക്കിയുള്ള നെൽക്കൃഷി സമ്പ്രദായങ്ങളുടെ സചേതനമായ പരിപോഷണം.
2. ആവർത്തന വിളകൾക്കുവേണ്ട നടീൽവസ്തുക്കളുടെ ഉൽപ്പാദനം
3. സംയോജിത നെൽക്കൃഷി വികസനം

LIBRARY ARCHIVES Kerala Legislative Assembly

4. വൈദ്യുതി സൗജന്യം
5. ഉൽപ്പാദന ബോണസ്
6. നെല്ലു സംഭരണ സംസ്കരണ വിപണനം
7. ചെറുകിട യന്ത്രവൽക്കരണം
8. സംയോജിത കീട നിയന്ത്രണം
9. നെൽക്കൃഷി മിനി കിറ്റ്
10. ഗ്രൂപ്പ് കൃഷിയുടെ പുനരുജ്ജീവനം

(ബി) 96.05 കോടി രൂപ

(സി) ഉണ്ട്. 1997-98-ൽ 1975 കി.ഗ്രാമും, 1998-99-ൽ 2061 കി.ഗ്രാമും 1999-2000-ൽ ഉൽപ്പാദനക്ഷമത ഒരു ഹെക്ടറിന് 3167 കിലോഗ്രാമും ആയി കണക്കാക്കപ്പെടുന്നു.

(ഡി) ഈ വർഷം 24.697 കോടി രൂപയാണ് ഈ രംഗത്ത് ചെലവഴിക്കാനുദ്ദേശിക്കുന്നത്.

സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ

10 (*70) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുറപ്പെടുവിച്ച സാമ്പത്തിക നിയന്ത്രണ ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കിക്കൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റിന് എന്തൊക്കെ ചെയ്യാൻ കഴിഞ്ഞു എന്ന് വിശദമാക്കാമോ;

(സി) യു.ഡി.എഫ്. ഗവൺമെന്റ് അധികാരം കൈമാറിയപ്പോൾ സംസ്ഥാനത്തെ ട്രഷറിയുടെ സാമ്പത്തികനില എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ട്രഷറി പ്രതിസന്ധി സംജാതമായിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിലവിലില്ല.

(ബി) ചോദ്യം എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly